(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിന് കേന്ദ്രം നൽകിയ സഹായം അപര്യാപ്തമാണെന്ന് കേന്ദ്ര ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിവില്ല.

നിയമനം സംബന്ധിച്ച ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി

634 [919] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ മൃതിയടയുന്നവരുടെ ആശ്രിതർക്ക് നിയമനം നൽകുന്നത് സംബന്ധിച്ച ചട്ടങ്ങളിൽ ഗവൺമെൻറ് സമീപ കാലത്ത് ഉദാരമായ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ എന്തെല്ലാം;

(സി) സർവ്വീസ് സംഘടനകളിലെ ജീവനക്കാരുമായി ഇതേ സംബന്ധിച്ച് വല്ല ചർച്ചകളും നടത്തിയിട്ടുണ്ടോ;

(ഡി) ഇതേ സംബന്ധിച്ചുള്ള ഭേദഗതി എല്ലാവരും അംഗീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ), (ബി) ഇതു സംബന്ധിച്ച് 16.1.1979 ൽ ഗവൺമെൻറ് പുറപ്പെടുവിച്ച ജി. ഒ. എം. എസ്. നമ്പർ 46/79/ജി. എ. ഡി എന്ന ഉത്തരവ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇക്കാര്യം ഗവൺമെൻറ് ആരാഞ്ഞിട്ടില്ല.

തദ്ദേശ സ്വയംഭരണ, അർദ്ധ ഗവൺമെൻറ് സ്ഥാപനങ്ങളിലെ ജീവനക്കാർ

635 [920] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1979 ജനുവരി 1 -ാം തീയതിവരെ കേരളാ സ്റേറററ് സർവ്വീസിലും തദ്ദേശ സ്വയംഭരണ, അർദ്ധ ഗവൺമെൻറ് സ്ഥാപനങ്ങളിലും എത്ര ജീവനക്കാർ ഉണ്ടെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1.1.1979 വരെയുള്ള കണക്കുകൾ തയ്യാറായിട്ടില്ല. 1978-79 ലെ ബഡ്ജറ്റു പ്രകാരം കേരളാ സ്റ്റേറ്റ് സർവ്വീസിൽ 253519 ജീവനക്കാരുണ്ട്. ബാക്കി വിവരം ശേഖരിച്ചു വരുന്നു.

Number of persons appointed by the Government on the advice of the Kerala Public Service Commission

636 [921] **Shri Stephen Padua:** Will the Chief Minister be pleased to state:

(a) The number of persons appointed by the Government on the advice of the Kerala Public Service Commission in the Public Services of the State, including the Companies owned by Govt. and the Corporations controlled by the Govt. in Class I, II, III and IV categories of posts during the period from 1.1.1968 to 31.12.1978.

(b) Their Community-wise list in each year during the period?

Answer

(a) and (b) The list of persons appointed in Government service, Companies owned by Government and Corporations controlled by Government during the period 1.1.1968 to 31.12.1978 have not been collected by Govt. Their community-wise details have not also been gathered.

പത്തനംതിട്ട താലൂക്കിന്റെ വികസനത്തിന് ചെലവഴിച്ച തുക

637 [923] ഡോ. ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ,സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട വികസന അതോറിട്ടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പത്തനംതിട്ട താലൂക്കിൽ എത്ര രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്;

(ബി) പത്തനംതിട്ട താലൂക്കിൽ ഒരു ക്ഷീര വികസന കേന്ദ്രം സ്ഥാപിക്കാനുള്ള നടപടി എത്രത്തോളമായി;

(സി) അതിന് എത്രയും വേഗം നടപടി സ്വീകരിക്കുവാൻ ഗവൺമെൻറ് ശ്രദ്ധിക്കുമോ?

ഉത്തരം

(എ) പശ്ചിമഘട്ട വികസന പദ്ധതി അനുസരിച്ച് പത്തനംതിട്ട താലൂക്കിൽ ഒരു പാൽ ശീതീകരണകേന്ദ്രം സ്ഥാപിച്ച വകയിൽ 1.46 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കൂടാതെ ഈ താലൂക്കിലെ ഒരു ക്ഷീരവ്യവസായ സഹകരണ സംഘത്തിന് പ്രവർത്തന മൂലധനമായി 3850 രൂപയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly